# Malayala Manorama

## 20 August 2018

## Kochi, Flood, Relief Camps, Doctor Couple, Service

# ആയിരങ്ങൾക്കു തുണയായി ഡോക്ടർ ദമ്പതികൾ

കൊച്ചി • പ്രളയത്തിൽപെട്ടു നാടും വീടുമുപേക്ഷിച്ച് ആലുവ യുസി കോളജിലെ ദുരിതാശ്വാസ ക്യാംപിൽ ആഭയം തേടിയ ആയിരങ്ങൾക്കു തുണയായതു ഡോക്ടർ ദമ്പതികൾ. അങ്കമാലി താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. നസീമ നജീബ്, ഭർത്താവും ബിനാനിപുരം ഇഎസ്ഐ ഡിസ്പെൻസറിയിലെ ഡോക്ടറുമായ നജീബ് എന്നിവരാണു ഒരു ഘട്ടത്തിൽ എണ്ണായിരം ദുരിതബാധിതർ വരെ എത്തിച്ചേർന്ന യുസി കോളജിലെ ക്യാംപിൽ രാപകലില്ലാതെ രോഗികളെ പരിചരിച്ചത്.

യുസി കോളജിനു സമീപമാണ് ഇവരുടെ വീട്. പ്രളയം ആലുവയെയും പരിസര പ്രദേശങ്ങളെയും വിഴുങ്ങുന്നുവെന്ന വാർത്ത കേട്ടപ്പോൾ തന്നെ കോളജിൽ ദുരിതാശ്വാസ ക്യാംപ് തുറക്കുമെന്നു രണ്ടു പേരും പ്രതീക്ഷിച്ചിരുന്നു. 15നു വൈകിട്ടു തുറന്ന ദുരിതാശ്വാസ ക്യാംപിൽ നാനൂറോളം പേർ മാത്രമായിരുന്നു ആദ്യമെത്തിയത്. ഡോ. നസീമയോടും ഡോ. നജീബിനോടുമൊപ്പം ജില്ലയിലെ ആരോഗ്യ പ്രവർത്തകരും എത്തിയിരുന്നു. എന്നാൽ, പിറ്റേന്നു കൂടുതൽ പ്രദേശങ്ങളിൽ വെള്ളം കയറിയതോടെ ആയിരക്കണക്കിനാളുകൾ ക്യാംപിലേക്കെത്തി.

ക്യാംപിന്റെ നിയന്ത്രണം നഷ്ടപ്പെടുമെന്ന സ്ഥിതി വരെ എത്തി. എന്നാൽ, ഡോ. നസീമയും ഡോ. നജീബും ധൈര്യം കൈവിടാതെ രോഗികളെ ശുശ്രൂഷിച്ചു. സഹായിക്കാൻ ക്യാംപിന് അടുത്തു തന്നെ വീടുള്ള മറ്റൊരു ഡോക്ടറായ തോമസും എത്തി. ബൈപാസ് സർജറി കഴിഞ്ഞവരും സ്ട്രോക്ക് വന്നവരുമൊക്കെ ക്യാംപിലെത്തിയവരിൽ ഉണ്ടായിരുന്നു.

അത്യാവശ്യം വേണ്ട മരുന്നുകൾ മാത്രമാണു ക്യാംപിലുണ്ടായിരുന്നത്. കോളജ് വിദ്യാർഥികളാണു നിർദേശാനുസരണം മരുന്ന് എടുത്തു കൊടുക്കാനും പ്രാഥമിക ശുശ്രൂഷകൾ ചെയ്യാനുമുണ്ടായത്.

വെള്ളം കയറി ആലുവയും ഒറ്റപ്പെട്ടതോടെ വൈദ്യുതി ഇല്ലാതായി. മെഴുകുതിരി വെളിച്ചത്തിലിരുന്നാണു ഡോക്ടർമാർ മരുന്നു കുറിച്ചത്.

രണ്ടു ദിവസം കഴിഞ്ഞതോടെ മറ്റു ഡോക്ടർമാരും ക്യാംപുകളിലെത്തി. ആവശ്യത്തിനു മരുന്നുകളും എത്തി. സ്കൂളിൽ പഠിക്കുന്ന പേരക്കുട്ടികളെ വീട്ടിൽ ഒറ്റയ്ക്കിരുത്തിയിട്ടാണു രണ്ടു പേരും ക്യാംപിൽ കഴിയുന്നത്.

രാത്രി രണ്ടോ മൂന്നോ മണിക്കൂർ മാത്രമാണു വീട്ടിലേക്കു പോയിരുന്നത്. ഇതാണു തങ്ങളുടെ ദൗത്യമെന്ന് ഉത്തമബോധ്യം ഉണ്ടെന്നു ഡോ. നസീമയും ഡോ. നജീബും പറയുന്നു.

ക്യാംപ് അടയ്ക്കുന്നതു വരെ കോളജിൽ സേവനം ചെയ്യാനാണു രണ്ടു പേരുടെയും തീരുമാനം.



ആലുവ യുസി കോളജിലെ ക്യാംപിൽ സേവനം ചെയ്യുന്ന ഡോ. നജീബും ഭാര്യ ഡോ. നസീമയും.